# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.131 02.05.2017 ൽ മറുപടിയ്ക്ക്

**ഓൺലൈൻ സേവനങ്ങൾക്ക് ഫീസ് നിരക്കുകൾ നിശ്ചയിച്ചതിലെ അപാകത**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
| (എ) | മോട്ടോർവാഹന വകുപ്പിൽ ഓൺലൈൻ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ നിശ്ചയിച്ചതിൽ അപാകത കടന്നു കൂടിയെന്ന വാർത്തയുടെ നിജസ്ഥിതി അന്വേഷിച്ചുവോ; വിശദാംശങ്ങൾ നല്കാമോ; | (എ) | കേന്ദ്ര സർക്കാർ, 29-12-2016 തീയതിയിലെ GSR 1183 (E) -ാം നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം പ്രസ്തുത തീയതി മുതൽ നിലവിൽ വരത്തക്കവിധം മോട്ടോർ വാഹന വകുപ്പിലെ വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിയ്ക്കുകയുണ്ടായി. 06-01-2017 ലാണ് മേൽ ഉത്തരവ് സംസ്ഥാനത്ത് ലഭ്യമായത്. അതിൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ ഓൺ ലൈൻ സോഫ്റ്റ് വെയറിൽ, ഓൺ ലൈൻ സേവനങ്ങൾക്കുള്ള ഫീസിൽ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ വരുത്തിയപ്പോൾ കേന്ദ്ര സർക്കാരിന്റെ പുതിയ നിരക്കുകളും സംസ്ഥാനത്ത് നിലനിന്നിരുന്ന നിരക്കുകളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും അവയിൽ ചിലതിന്റെ ഇരട്ട സ്വഭാവത്തെക്കുറിച്ചും മറ്റുമുള്ള അവ്യക്തത കാരണം ചില അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽ പ്പെടുകയും അവ പരിശോധിച്ച് തിരുത്തുകയുമുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | ഓൺലൈൻ സേവനങ്ങൾക്കുള്ള സോഫ്റ്റ് വെയർ നിർമ്മിച്ചത് ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്റർ (NIC) ആണ് ഓൺലൈൻ സേവനങ്ങൾക്കുള്ള സോഫ്റ്റ് വെയർ തയ്യാറാക്കിയത്. |
| (സി) | സോഫ്റ്റ് വെയറിലെ പിശകുകൾ പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവോ; വിശദാംശങ്ങൾ നല്കുമോ; | (സി) | സ്വീകരിച്ചിട്ടുണ്ട്<br><br>സ്മാർട്ട് കാർഡ് രൂപത്തിൽ നൽകുന്ന ഡ്രൈവിംഗ് ലൈസൻസുകൾക്ക് അധികമായി 200 രൂപ ഫീസ് ഈടാക്കണമെന്ന് പുതിയ ഉത്തരവിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. പുതിയതായി നൽകുന്ന ഡ്രൈവിംഗ് ലൈസൻസുകൾക്കാണ് ഈ 200 രൂപ ഈടാക്കുന്നത്. നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ പുതുക്കുവാൻ അപേക്ഷിക്കുമ്പോൾ ഇഷ്യു ഓഫ് ഡ്രൈവിംഗ് ലൈസൻസിന് 200 രൂപ അധികമായി വാങ്ങിയിരുന്ന പിശക് പരിഹരിച്ചിട്ടുണ്ട്. ഡ്രൈവിംഗ് ലൈസൻസ് പുതുക്കുവാൻ അപേക്ഷിക്കുമ്പോൾ പുതുക്കുന്നതിനുള്ള ഫീസും കാർഡ് രൂപത്തിനുള്ള ഫീസും സർവ്വീസ് ചാർജ്ജും മാത്രമേ ഇപ്പോൾ ഈടാക്കുന്നുള്ളൂ.<br><br>29.12.2016-ന് മുൻപ് കാലാവധി തീർന്ന ഡ്രൈവിംഗ് ലൈസൻസുകൾ പുതുക്കുന്നതിന് പുതിയ ഫീസ് നിരക്ക് അനുസരിച്ച് പ്രതി വർഷം 1000/- രൂപ പിഴയായി ഈടാക്കിയിരുന്നു. ആ പിശക് പരിഹരിച്ച് 29.12.2016-ന് മുൻപുള്ള കാലയളവിലേയ്ക്ക് പ്രതിവർഷം 50/- രൂപ നിരക്കിലും അതിനുശേഷമുള്ള കാലയളവിൽ പ്രതിവർഷം 1000/- രൂപ നിരക്കിലും ആണ് ഇപ്പോൾ ഈടാക്കുന്നത്.<br><br>29.12.2016 തീയതിയ്ക്ക് മുൻപ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തീർന്ന |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ ഫിറ്റ്നസിനായി അപേക്ഷിക്കുമ്പോൾ ഫിറ്റ്നസ് തീർന്ന ദിവസം മുതൽ ഓരോ ദിവസത്തിനും 50/- രൂപ പിഴയായി ഈടാക്കിയിരുന്നു. ഈ പിശക് പരിഹരിച്ച് 29.12.2016 തീയതി മുതലുള്ള കാലയളവിലേയ്ക്ക് മാത്രമേ ഇപ്പോൾ ഈ നിരക്കിൽ പിഴ ഈടാക്കുന്നുള്ളൂ. 29.12.2016-ന് മുൻപുള്ള കാലയളവിലേയ്ക്ക് പഴയ നിരക്കിൽ അതായത് പ്രതിമാസം 100 രൂപ മുതൽ 200 രൂപ വരെയുള്ള തുകയാണ് ഇപ്പോൾ പിഴയായി ഈടാക്കുന്നത്. പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്ന സർവ്വീസുകൾക്ക് സ്മാർട്ട് കാർഡ് ടൈപ്പ് രജിസ്ട്രേഷൻസർട്ടിഫിക്കറ്റുകൾക്ക് 29.12.2016-ലെ കേന്ദ്ര സർക്കാർ ഉത്തരവു പ്രകാരം 200 രൂപ ഈടാക്കിയിരുന്നു. സംസ്ഥാനം നൽകുന്നത് സ്മാർട്ട് കാർഡ് ടൈപ്പ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അല്ലാത്തതിനാൽ ഇപ്പോൾ ഈ 200 രൂപ ഈടാക്കുന്നില്ല. പഴയ സ്വകാര്യ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് ഇനത്തിൽ ഉണ്ടായിരുന്ന പിശകുകളും പരിഹരിച്ചിട്ടുണ്ട്. |
| (ഡി) | നികുതി, സർവീസ് ചാർജ്ജ് ഇനങ്ങളിൽ ഈടാക്കപ്പെട്ട അധിക തുക കണ്ടെത്തി തിരികെ നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ഡി) | നികുതി, സർവ്വീസ് ചാർജ്ജ് ഇനങ്ങളിൽ സോഫ്റ്റ് വെയറിൽ പിശകുകൾ ഉണ്ടായിട്ടില്ല. |
| (ഇ) | ഇപ്രകാരം ഈടാക്കിയ അധിക തുക തിരികെ നല്കുന്നതിന് പ്രത്യേകം അപേക്ഷ നല്കണമെന്ന വ്യവസ്ഥ ഒഴിവാക്കി, തുക ബന്ധപ്പെട്ടവർക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | ഫീസിനത്തിൽ അധികമായി അടച്ച തുക ഉപഭോക്താക്കൾ അടുത്ത തവണ ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കൽ മുതലായ സേവനങ്ങൾക്ക് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസുകളെയോ/ജോയിന്റ് റീജിയണൽ |

| | | | |
|---|---|---|---|
| | | | ട്രാൻസ് പോർട്ട് ഓഫീസുകളെയോ സമീപിക്കുമ്പോൾ പ്രത്യേക അപേക്ഷ നൽകാതെ തന്നെ അതിന്റെ ഫീസിനത്തിൽ അടക്കേണ്ടുന്ന തുകയിൽ നിന്ന് കുറവ് വരുത്തി നൽകുന്നതിന് ഗതാഗത കമ്മീഷണർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**